# കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്

## കുട്ടനാട് പുളിങ്കുന്ന്

CUCEK/A6/Canteen/2025 Date.14.03.2025

### ദർഘാസ് പരസ്യം

കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കുട്ടനാട് പുളിങ്കുന്ന് ക്യാമ്പസിലെ കാന്റീൻ കെട്ടിടത്തിൽ രണ്ടു വർഷത്തേക്ക് കാന്റീൻ നടത്തുന്നതിന് വ്യക്തികൾ/കുടുംബശ്രീ/ സൊസൈറ്റി/സംഘങ്ങൾ തുടങ്ങിയവയിൽ നിന്നും മുദ്രവച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ നിശ്ചിത ഫോറത്തിൽ ക്ഷണിച്ചു കൊള്ളുന്നു

ദർഘാസുകൾ 2025 ഏപ്രിൽ 7-ാം തിയതി വൈകിട്ട് 3.00 മണിവരെ സ്വീകരിക്കുന്നതും 8-ാം തിയതി രാവിലെ 11.00 ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. കവറിനു പുറത്ത് കൊച്ചിൻ യൂണവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കുട്ടനാട് പുളിങ്കുന്ന് കാന്റീൻ നടത്തുന്നതിനുള്ള ദർഘാസ് എന്ന് എഴുതിയിരിക്കണം. ദർഘാസുകൾ പ്രിൻസിപ്പാൾ, കുസെക്, പുളിങ്കുന്ന് എന്ന വിലാസത്തിൽ നേരിട്ടോ രജിസ്ടേർഡ് തപാലിലോ അയച്ചു തരേണ്ടതാണ്. കാന്റീൻ നടത്തുന്നതിനുള്ള കെട്ടിടം, ഫർണ്ണീച്ചർ എന്നിവ കോളേജിൽ നിന്ന് നൽകുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. കരാറുകാരൻ മീറ്റർ പ്രകാരമുള്ള വൈദ്യുതി ചാർജ്ജ് കോളേജ് ഓഫീസിൽ 5 -ാം പ്രവർത്തി ദിവസത്തിനുള്ളിൽ അടക്കേണ്ടതാണ്.
2. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി പ്രിൻസിപ്പാൾ, കുസെക്ക് എന്ന പേരിൽ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നെടുത്ത 8000/- രൂപയക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്.
3. ദർഘാസിനോടൊപ്പം റജിസ്ട്രഷൻ സർട്ടിഫിക്കറ്റ് നിശ്ചയമായും ഹാജരാക്കേണ്ടതാണ്.
4. ഭക്ഷണപദാർത്ഥങ്ങളുടെ പട്ടിക ഇതോടൊപ്പം പ്രത്യേകം ചേർത്തിട്ടുണ്ട്.
5. തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ യൂണിവേഴ്സിറ്റി നിബന്ധനകൾ ഉൾക്കൊള്ളുന്ന കരാറിൽ ഒപ്പിടേണ്ടതാണ്.

ദർഘാസ് ഫോറവും മറ്റുവിവരങ്ങളും കോളേജ് ഓഫീസിൽ 100/- രൂപയും നികുതിയും അടക്കം 125/- രൂപയുടെ ഡിഡി യുമായി ആവശ്യപ്പെട്ടാൽ 2025 മാർച്ച് 18-ാം തിയതി 10 മണിമുതൽ ഏപ്രിൽ 6-ാം തിയതി വൈകിട്ട് 3.00 മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ തപാലിൽ അയച്ചുകൊടുക്കുന്നതല്ല. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പൂർണ്ണമായ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും

COCHIN UNIVERSITY COLLEGE OF ENGINEERING
PULINCUNNU
ALLEPPEY
KERALA
KUTTANAD

14/3/25

പ്രിൻസിപ്പാൾ

PRINCIPAL
COCHIN UNIVERSITY COLLEGE
OF ENGINEERING, KUTTANADU
PULINCUNNOU, ALLEPPEY